പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5709 — 18.11.2019 -ൽ മറുപടിക്ക്

**റേഷൻ ചില്ലറ വ്യാപാരികളുടെ ക്ഷേമത്തിന് നടപ്പാക്കിയത്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ. എൻ. ഷംസീർ** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| സംസ്ഥാന സിവിൽ സപ്ലൈസ് വകുപ്പ് റേഷൻ ചില്ലറ വ്യാപാരികളുടെ ക്ഷേമത്തിനായി എന്തൊക്കെ കാര്യങ്ങൾ ആണ് നടപ്പാക്കിട്ടുള്ള തെന്ന് വ്യക്തമാക്കാമോ ? | കേരള സംസ്ഥാനത്തെ റേഷൻ ചില്ലറ വ്യാപാരികൾക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമത്തെ ലക്ഷ്യമാക്കി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുമായി കേരള റേഷൻ വ്യാപാരി ക്ഷേമനിധി രൂപീകരിച്ചിട്ടുണ്ട്. കേരള റേഷൻ വ്യാപാരി ക്ഷേമനിധി ആക്ട് പ്രകാരം നിലവിൽ വന്ന ക്ഷേമനിധി പദ്ധതിയിൻ കീഴിൽ റേഷൻ ചില്ലറ വ്യാപാരികൾക്ക് വിവിധ ആനുകൂല്യങ്ങൾ നല്കി വരുന്നു. ആയത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>കൂടാതെ 30.11.2018 ലെ സ.ഉ(കൈ) നം.46/2018/ഭ.പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം 45 ക്വിന്റൽ ഭക്ഷ്യധാന്യം വിതരണം നടത്തുന്ന റേഷൻ വ്യാപാരികൾക്ക് കുറഞ്ഞത് പ്രതിമാസം 18000/- രൂപ കമ്മീഷൻ ലഭ്യമാകുന്ന പാക്കേജ് നടപ്പിലാക്കിയിട്ടുണ്ട്. 45 ക്വിന്റലിൽ താഴെ വിൽപ്പന നടത്തുന്ന വ്യാപാരികൾക്കുള്ള കമ്മീഷൻ 18000/- രൂപയിൽ എത്തിക്കുന്നതിന് 8500/- രൂപ വരെ സപ്പോർട്ടീവ് പേയ്മെന്റും നൽകുന്നുണ്ട്. 44 ക്വിന്റൽ വരെ വിൽപ്പന നടത്തുന്ന റേഷൻ വ്യാപാരിയ്ക്ക് ക്വിന്റലിന് 220/- രൂപ നിരക്കിലും 45 ക്വിന്റലിന് മുകളിൽ 180/- രൂപ നിരക്കിലുമാണ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ളത്. രാജ്യത്ത് ഏറ്റവും ഉയർന്ന നിരക്കിൽ കമ്മീഷൻ നല്കുന്ന സംസ്ഥാനമാണ് കേരളം. കൂടാതെ റേഷൻ വ്യാപാരികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ റേഷൻ കടകളും വഴി കുപ്പിവെള്ളവും ശബരി ഉല്പന്നങ്ങളും വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

കേരള സംസ്ഥാനത്തെ സ്വകാര്യ ചില്ലറ റേഷൻ വ്യാപാരികൾക്കാണ് റേഷൻ വ്യാപാരി ക്ഷേമനിധിയിൽ അംഗത്വം നൽകുന്നത്. ആയതിനുള്ള അംഗത്വഫീസ് 300/- രൂപയും പ്രതിമാസ അംശാദായം നിലവിൽ 200/- രൂപയുമാണ്. കേരള റേഷൻ വ്യാപാരി ക്ഷേമനിധിയിൽ നിന്നും നിലവിൽ പ്രധാനമായും താഴെപറയുന്ന ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നു.

1. **പെൻഷൻ :-** ക്ഷേമനിധി അംഗമായ 62 വയസ് പൂർത്തിയായ 10 വർഷത്തെ സർവ്വീസുള്ള ചില്ലറ റേഷൻ വ്യാപാരികൾക്ക് അവർ സർവ്വീസിൽ നിന്നും വിരമിച്ചതിനു ശേഷമുള്ള തൊട്ടടുത്ത മാസം മുതൽ പ്രതിമാസം പെൻഷന് അർഹതയുണ്ട്. നിലവിൽ 1500/- രൂപയാണ് പ്രതിമാസ പെൻഷൻ. ഇതിനായി ക്ഷേമനിധി അംഗം പ്രതിമാസം 200/- രൂപ അംശാദായം ഒടുക്കേണ്ടതുണ്ട്. ക്ഷേമനിധി പെൻഷണർമാർക്ക് മൂന്ന് മാസത്തിൽ ഒരിക്കൽ അവരുടെ ചെലവിൽ പെൻഷൻ മണി ഓർഡർ ആയി അയച്ചുകൊടുക്കുന്നു. പെൻഷന് പിൻതുടർച്ചാവകാശം ഇല്ല.
2. **ചികിത്സാ ധനസഹായം :-** ക്ഷേമനിധിയിലെ ഒരു അംഗത്തിന് അപകടത്തെ തുടർന്ന് സ്ഥിരമായോ താൽക്കാലികമായോ അവശതയോ അംഗവൈകല്യമോ മറ്റ് ഗുരുതരമായ അവസ്ഥയോ ഉണ്ടാകുന്ന പക്ഷം പരമാവധി 5000/- രൂപ വരെ സൗജന്യ സഹായം നൽകുന്നതാണ്. നിധിയിലെ ഒരു അംഗത്തിനോ അയാളുടെ കുടുംബാംഗങ്ങൾക്കോ ഹൃദയം, വൃക്ക, കൃത്രിമ കൈ അല്ലെങ്കിൽ കാൽ മാറ്റിവയ്ക്കൽ, ക്യാൻസർ തുടങ്ങിയ മാരക രോഗങ്ങളുടെ ചികിത്സയ്ക്ക് പരമാവധി 25000/- രൂപ സൗജന്യ സഹായം നൽകുന്നു. കൂടാതെ വാതരോഗം, അപ്പന്റിസൈറ്റിസ്, തിമിര ശസ്ത്രക്രിയ, ഹിസ്റ്ററാക്ടമി (ഗർഭാശയം നീക്കം ചെയ്യൽ) ഹെർണിയ, ബ്രെയിൻ ട്യൂമർ, സിറോസിസ് (കരൾ വീക്കം), പക്ഷാഘാതം, കിഡ്നിസ്റ്റോൺ, മൂത്രാശയ സംബന്ധമായ രോഗം, പിത്താശയകല്ല്, ന്യൂമോണിയ, ഡയബറ്റീസ് മെലിറ്റസ്, ഹൈപ്പർ ടെൻഷൻ, വെരിക്കോസ്, പ്രോസ്റ്റേറ്റ് സംബന്ധമായ അസുഖം, ഡെങ്കിപ്പനി, സൈനസൈറ്റീസ്, ശ്വാസകോശ സംബന്ധമായ രോഗങ്ങൾ, ആസ്മ, ഡിമെൻഷ്യ (മറവി രോഗം), ഡീപ് വെയ്ൻ ത്രോമ്പോസിസ് എന്നീ രോഗങ്ങളുടെ ചികിത്സയ്ക്ക് 50,000/- (അൻപതിനായിരം) രൂപ വരെ ചെലവായ ചികിത്സയ്ക്ക് 3000/- രൂപയോ അല്ലെങ്കിൽ ആകെ ചെലവായ തുകയുടെ 25 ശതമാനമോ ഇതിൽ ഏതാണോ കുറവ് അതും 50,000/- (അൻപതിനായിരം) രൂപയ്ക്ക് മുകളിൽ ചെലവായ ചികിത്സയ്ക്ക് 5000/- രൂപയും നൽകുന്നതാണ്. അംഗങ്ങൾക്ക് പുറമെ ഭാര്യ, ഭർത്താവ്,

പ്രായപൂർത്തിയാകാത്ത ആൺമക്കൾ, അവിവാഹിതരായ പെൺമക്കൾ, ആശ്രിതരായ മാതാപിതാക്കൾ, ഭിന്നശേഷിക്കാരായ ആൺമക്കൾ എന്നിവർക്കും ചികിത്സാ ധനസഹായത്തിന് അർഹതയുണ്ട്.

3. **വിദ്യാഭ്യാസ സ്കോളർഷിപ്പ്** :- ക്ഷേമനിധിയിലെ അംഗങ്ങളുടെ മക്കളിൽ ഓരോ വർഷവും എസ്.എസ്.എൽ.സി, ഹയർ സെക്കൻററി (സ്റ്റേറ്റ്, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ) എന്നീ പരീക്ഷകളിൽ ഓരോന്നിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന 03 പേർക്ക് 5000/- രൂപ വീതം സ്കോളർഷിപ്പ് നൽകുന്നു.
4. **റീട്ടെയിൽ ഡിപ്പോ നടത്തുന്നതിനുള്ള അഡ്വാൻസ്** :- തുടർച്ചയായി 05 വർഷത്തെ സർവ്വീസുള്ള ആളുടെ നിധിയിലെ നിക്ഷേപതുക 5000/- രൂപയോ അധികമോ ഉള്ളവർക്ക് 5000/- രൂപ വരെ അഡ്വാൻസ് അനുവദിയ്ക്കുന്നു.
5. **മരണാനന്തര ധനസഹായം** :- ക്ഷേമനിധി ആക്ടിന്റെ 7-(2), (3) ഉപവകുപ്പുകൾ അനുസരിച്ച് മരണപ്പെടുന്ന അംഗങ്ങളുടെ ആശ്രിതർക്ക് മരണാനന്തരധനസഹായം നൽകിവരുന്നു. പരമാവധി 40,000/- രൂപ വരെ ഇപ്രകാരം അനുവദിയ്ക്കുന്നു.
6. **അംശാദായം തിരികെ നൽകൽ** :- ക്ഷേമനിധി അംഗങ്ങൾക്ക് സർവ്വീസിൽ നിന്നും വിരമിച്ചതിനു ശേഷം അംശാദായം തിരികെ നൽകുന്നു.

2018-19 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്ത ആനുകൂല്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ആനുകൂല്യം | എണ്ണം | തുക |
|---|---|---|
| പെൻഷൻ | 1207 (പുതിയത് 283) | 2,59,72,836/- |
| ചികിത്സ ധനസഹായം | 20 | 3,60,000/- |
| മരണാനന്തര ധനസഹായം | 61 | 12,49,220/- |
| അംശാദായം തിരികെ നല്കൽ | 270 | 34,05,450/- |
| വിദ്യാഭ്യാസ സ്കോളർഷിപ്പ് | 45 | 90,000/- |

നിലവിൽ കേരള റേഷൻ വ്യാപാരി ക്ഷേമനിധിയിൽ 11,500 അംഗങ്ങളും, 1372 പെൻഷണർമാരും ഉണ്ട്.

സെക്ഷൻ ഓഫീസർ